## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം,

## തിരുവനന്തപുരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജീവനക്കാര്യം - ഓഡിറ്റർ തസ്തികയിൽ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഡി.കെ.എസ്.എ.6/എസ്റ്റാ.1/2023** **തീയതി : 05.07..2023**

---

പരാമർശം : കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 10.05.2023 ലെ RIA(1)2383/23/GW (1) നമ്പർ നിയമന ശുപാർശ

### ഉത്തരവ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനത്തിനായി 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, പൊതുചട്ടങ്ങളിലെ ചട്ടം 3(c)യ്ക്ക് വിധേയമായി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം പ്രകാരം നാമനിർദ്ദേശം ചെയ്തിരിക്കുന്ന താഴെപ്പറയുന്ന ഉദ്യോഗാർത്ഥികളെ 39300-83000 രൂപ ശമ്പള സ്കെയിലിൽ (PR - 27800-59400) താഴെ പറയും പ്രകാരം ഓഡിറ്റർ തസ്തികയിൽ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 9(a)(i) പ്രകാരം താൽക്കാലികമായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | ഉദ്യോഗാർത്ഥികളുടെ പേരും മേൽ വിലാസവും | നിയമനം നൽകുന്ന കാര്യാലയം |
|---|---|---|
| 1 | സജിത സലീം<br>നൂർ മൻസിൽ<br>പേട്ട<br>പത്തനംതിട്ട - 689 645 | ജില്ല ഓഡിറ്റ് കാര്യാലയം<br>പത്തനംതിട്ട (മിനി സിവിൽ സ്റ്റേഷൻ<br>പത്തനംതിട്ട) |
| 2 | വിഷ്ണുബാബു<br>അശ്വതി ഭവനം<br>മലമേൽകോട്,ഹരിപ്പാട്<br>മുട്ടം, ആലപ്പുഴ - 690 511 | നഗരസഭ ഓഡിറ്റ്<br>കാര്യാലയം,ആലപ്പുഴ<br>(മുൻസിപ്പൽ കാര്യാലയം, ആലപ്പുഴ |
| 3 | ലിജു വിൽസൺ<br>പുള്ളോലിക്കൽ<br>ചീരാൽ<br>ചീരാൽ.പി.ഒ<br>വയനാട് - 673 595 | ക്ഷേമനിധി ഓഡിറ്റ്<br>കാര്യാലയം,കൊല്ലം<br>(പഴയ മുനിസിപ്പൽ കെട്ടിടം,<br>ചിന്നക്കട,കൊല്ലം) |

| | | |
|---|---|---|
| 4 | ആദർശ്.കെ<br>കൊല്ലേരി സോപാനം<br>മുക്കത്തുകടവ്<br>മണ്ണൂർ,കടലുണ്ടി<br>കോഴിക്കോട് – 673 328 | KSHB ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>(ഹൗസിംഗ് ബോർഡ് ബിൽഡിംഗ് ശാന്തി നഗർ, തിരുവനന്തപുരം) |
| 5 | വരുൺ കുമാർ.ഇ.പി<br>എടമന ഇല്ലം<br>പാറക്കുളം,കണ്ണാടി.പി.ഒ<br>പാലക്കാട് – 678 701<br><br>BLRA-52, ഭാനു ലെയിൻ<br>പേരൂർക്കട<br>വട്ടിയൂർക്കാവ് റോഡ്,പേരൂർക്കട<br>തിരുവനന്തപുരം – 695 005 | തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം<br>(നന്തൻകോട്,തിരുവനന്തപുരം) |
| 6 | മുഹമ്മദ് അഖിൽ.പി<br>പൂന്തോട്ടത്തിൽ (ഹൗസ്)<br>ചീരാണി<br>മലപ്പുറം – 676 123 | APJ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>(സി.ഇ.ടി ക്യാംപസ്, തിരുവനന്തപുരം) |
| 7 | അഖിൽരാജ്.ആർ.എസ്<br>അഖിൽ ഭവൻ<br>കോട്ടുകാൽകോണം<br>കട്ടച്ചൽക്കുഴി.പി.ഒ<br>തിരുവനന്തപുരം – 695 509 | ഡയറക്ടറേറ്റ്<br>(വികാസ് ഭവൻ, തിരുവനന്തപുരം |
| 8 | ജിജോ.ജെ.നായർ<br>പട്ടംവിളാകം<br>മുദാക്കൽ, മുദാക്കൽ.പി.ഒ<br>തിരുവനന്തപുരം 695103 | ജില്ല ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>(ഹൗസിങ്ങ് ബോർഡ് ബിൽഡിങ്ങ് ശാന്തി നഗർ, തിരുവനന്തപുരം) |
| 9 | മുഹമ്മദ് ഷാഫി അഹമ്മദ്.കെ.എം<br>സുനൈന മൻസിൽ<br>ചെന്നീരി,വലിയ പറമ്പ<br>മലപ്പുറം – 673 637.<br><br>ടി.സി.5/534, കുന്നിൽ<br>ഹൗസ് നം.NN 175<br>നീതി നഗർ,പേരൂർക്കട<br>തിരുവനന്തപുരം – 695 005 | കേരള സ്പോർട്സ് കൗൺസിൽ<br>ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>(YMCA റോഡ്, സ്റ്റാച്യു,തിരുവനന്തപുരം ) |

| | | |
|---|---|---|
| 10 | സിനിമോൾ അബ്രഹാം<br>കുരോത്ത് പറമ്പിൽ ഹൗസ്<br>കൈതമറ്റം,റബ്ബർ ബോർഡ്.പി.ഒ<br>കോട്ടയം - 686 009 | കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം,<br>കൊല്ലം<br>(കോർപ്പറേഷൻകാര്യാലയം,കൊല്ലം) |
| 11 | ലക്ഷ്മി.ജെ<br>ശ്രീലകം<br>കുറുമ്പക്കര,കുറുമ്പക്കര പി.ഒ<br>പത്തനംതിട്ട - 689 695 | ജില്ല ഓഡിറ്റ് കാര്യാലയം,കൊല്ലം<br>(പഴയ മുനിസിപ്പൽ കെട്ടിടം,<br>ഓവർ ബ്രിഡ്ജിനു സമീപം,<br>ചിന്നക്കടകൊല്ലം) |
| 12 | അയന.എൻ<br>അയനം<br>തുവാക്കോട്,തുവാക്കോട്.പി.ഒ<br>കോഴിക്കോട് - 673 304 | ജില്ല ഓഡിറ്റ് കാര്യാലയം,<br>കോഴിക്കോട്<br>(സിവിൽ സ്റ്റേഷൻ, കോഴിക്കോട്) |
| 13 | വൈശാഖ്.എ<br>വൈശാഖ് നിവാസ്<br>അവിലേരി,ചെവയൂർ<br>കോഴിക്കോട് - 673 017 | SIL ഓഡിറ്റ് കാര്യാലയം,<br>തിരുവനന്തപുരം<br>(സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്<br>നളന്ദ, തിരുവനന്തപുരം) |
| 14 | റോമാൽ അബ്രഹാം<br>നടുപ്പടവിൽ ഹൗസ്<br>തെക്കുംഭാഗം.പി.ഒ<br>ഇടുക്കി - 685 585 | ഡയറക്ടറേറ്റ്<br>(വികാസ് ഭവൻ, തിരുവനന്തപുരം) |
| 15 | സജു.ജി<br>കോണത്ത് വീട്- 261<br>കൊട്ടുമൺ, ആറ്റിങ്ങൽ<br>ആറ്റിങ്ങൽ.പി.ഒ<br>തിരുവനന്തപുരം - 695 101 | ജില്ല ഓഡിറ്റ് കാര്യാലയം,<br>തിരുവനന്തപുരം<br>(ഹൗസിങ്ങ് ബോർഡ് ബിൽഡിങ്ങ്<br>ശാന്തി നഗർ, തിരുവനന്തപുരം) |
| 16 | ശബരിനാഥ്.യു.ജി<br>ശ്രീവിനായക,കുതിരകളം<br>കുതിരകളം, തിരുവനന്തപുരം<br><br>തിരുവോണം<br>എച്ച്.എസ് റോഡ്<br>ഏണിക്കര,കരകുളം.പി.ഒ | കേരള സർവ്വകലാശാല ഓഡിറ്റ്<br>കാര്യാലയം, തിരുവനന്തപുരം<br>(കേരള യൂണിവേഴ്സിറ്റി.പി.ഒ<br>തിരുവനന്തപുരം) |

| | | |
|---|---|---|
| 17 | സുബിൻ ബാബു.കെ.എം<br>കുയ്യാലിൽ മീതൽ<br>പൊൻമേരിപറമ്പിൽ<br>വില്ല്യാപ്പള്ളി via<br>പൊന്മേരി പറമ്പിൽ.പി.ഒ<br>കോഴിക്കോട് - 673 542 | തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം (നന്തൻകോട്,തിരുവനന്തപുരം) |

ഈ നിയമനം 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 3(ബി)-യ്ക്ക് വിധേയമായിരിക്കും. സ്വഭാവവും മുൻകാല ചെയ്തികളും പരിശോധിച്ചതിനു ശേഷവും, പി.എസ്.സിയുടെ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മാത്രമായിരിക്കും ഉദ്യോഗാർത്ഥിയുടെ സേവനം ക്രമീകരിക്കുക. സ്വഭാവത്തിലോ പൂർവ്വ ചരിത്രത്തിലോ എന്തെങ്കിലും ന്യൂനതകൾ തുടർന്നുള്ള അന്വേഷണത്തിൽ കണ്ടെത്തിയാൽ മുന്നറിയിപ്പില്ലാതെ തന്നെ താൽക്കാലിക നിയമനം റദ്ദു ചെയ്യുന്നതാണ്.

മേൽ നിയമനം ഒരു പൊതു റാങ്ക് ലിസ്റ്റിൽ നിന്നും ആയതിനാൽ നിയമിക്കപ്പെട്ട തസ്തികയിൽ നിന്നും ഏതെങ്കിലും സാഹചര്യത്തിൽ ഒഴിവില്ലാത്ത കാരണത്താൽ പുറത്തു പോകേണ്ടി വരികയാണെങ്കിൽ ഉദ്യോഗാർത്ഥി പി.എസ്.സിയിൽ പേര് രജിസ്റ്റർ ചെയ്യുകയോ, വകുപ്പിൽ പുനർനിയമനം ലഭിക്കുന്നതിനായി ഒഴിവുകൾ നിലവിൽ വരുന്നതു വരെ കാത്തിരിക്കുകയോ ചെയ്യേണ്ടതാണ്.

ഉദ്യോഗാർത്ഥി **22.07.2023** നകം നിയമനം നൽകിയിട്ടുള്ള കാര്യാലയ മേധാവി മുമ്പാകെ ജോലിയ്ക്ക് ഹാജരാകേണ്ടതും പ്രവേശനകാലയളവ് ദീർഘിപ്പിച്ചു നൽ കേണ്ടതുണ്ടെങ്കിൽ ആയതിലേയ്ക്കായി **22.07.2023** നകം നിയമനാധികാരിയായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. സ.ഉ (അച്ചടി) നം.15/2020/ഉഭപവ തീയതി. 28.10.2020 നമ്പർ ഉത്തരവ് പ്രകാരം അനുവദനീയമായ പ്രവേശനകാലയളവ് ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകുന്നതാണ്. **22.07.2023** നകം ഉദ്യോഗാർത്ഥി ജോലിക്ക് ഹാജരാകാതിരിക്കുകയും, പ്രവേശന കാലയളവ് ദീർഘിപ്പിച്ചുനൽകാൻ അപേക്ഷ സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മറ്റൊരറിയിപ്പ് കൂടാതെ നിയമന ഉത്തരവ് റദ്ദാക്കുന്നതായിരിക്കും. ഉദ്യോഗാർത്ഥി ജോലിക്ക് ഹാജരാകുമ്പോൾ താഴെപ്പറയുന്ന രേഖകളുടെ അസ്സലും കൊണ്ടു വരേണ്ടതാണ്.

1. പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ.

2. കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് 1, ചട്ടം 13, 30.06.2011-ലെ സ.ഉ(പി)20/11/പി&എ.ആർ.ഡി എന്നിവയിൽ പറയും പ്രകാരം സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (ഉദ്യോഗാർത്ഥിയുടെ വിരലടയാളം, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സർട്ടിഫിക്കറ്റിൽ പതിച്ചിരിക്കണം).

3. ആധാർ കാർഡ് (ആധാർ കാർഡ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത പക്ഷം വോട്ടർ ഐ.ഡി കാർഡ്/പാൻ കാർഡ് ഹാജരാക്കേണ്ടതാണ്).

4. ഉദ്യോഗാർത്ഥി നിലവിൽ സർക്കാർ /പൊതുമേഖലാ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന പക്ഷം പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു കൊണ്ടുള്ള ഉത്തരവ്.

5. അസൽ നിയമന ശുപാർശ

6. അസൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (ക്രമ നം.1,2,3,4,7,10,12,15,16,17 എന്നിവർക്ക് ബാധകം)

7. അസൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് (ക്രമ നം.9 ന് ബാധകം)

8. അസൽ EWS സർട്ടിഫിക്കറ്റ് (ക്രമ നം.11 ന് ബാധകം)

EWS നോട്ട് – 23.10.2020 ലെ SRO No 733/2020 ന്റെ അടിസ്ഥാനത്തിൽ KS&SSR 1958 ന് ഭേദഗതി വരുത്തുന്നതിന് വിധേയമായായിരിക്കും സീനിയോറിറ്റി നിശ്ചയിക്കുക

ഉദ്യോഗാർത്ഥി ഓഡിറ്ററായി നിയമിതനായി/നിയമിതയായി കൊണ്ടുള്ള നിബന്ധനകൾ പാലിക്കാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള ജാമ്യകരാറിൽ ഏർപ്പെടേണ്ടതാണ് (കരാറിന്റെ മാതൃക ഉള്ളടക്കം ചെയ്തിട്ടുണ്ട്).

കെ.എസ് & എസ്.എസ്.ആർ പാർട്ട് 2 റൂൾ 20(ബി), ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവ പ്രകാരം ഉദ്യോഗാർത്ഥി 3 വർഷത്തെ തുടർച്ചയായ സേവനകാലയളവിൽ 2 വർഷം പ്രൊബേഷനിലായിരിക്കും.

ജനന തീയതിയിൽ തിരുത്തൽ വരുത്താൻ ഉദ്യോഗാർത്ഥി ഉദ്ദേശിക്കുന്ന പക്ഷം ജോലിയിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ ഇതു സംബന്ധിച്ച അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപ്രകാരം അപേക്ഷ സമർപ്പിക്കാൻ കാലതാമസം വരുത്തിയാൽ 30.12.1991-ലെ സ.ഉ(പി)നം.45/91/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്.

(ഒപ്പ്)

**ഡയറക്ടർ**

**ഉദ്യോഗാർത്ഥികൾക്ക്**

**പകർപ്പ്**

1. ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഡയറക്ടറേറ്റ്)
2. എസ്റ്റാ, അക്കൗണ്ട്സ് സെക്ഷനുകൾ
3. സ്റ്റോക്ക്
4. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക് [കേരള പി.എസ്.സിയിൽ നിന്നും ലഭിച്ച ഉദ്യോഗാർത്ഥിയുടെ അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നിയമനശുപാർശയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഉദ്യോഗാർത്ഥിയുടെ ഫോട്ടോ, ഒപ്പ്, ഉദ്യോഗാർത്ഥിയ്ക്ക് പി.എസ്.സിയിൽ നിന്നും നൽകിയ നിയമനശുപാർശ, അസ്സൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (ക്രമ നം.1,2,3,4,7,10,12,15,16,17 എന്നിവർക്ക് ബാധകം), അസൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് (ക്രമ നം.9 ന് ബാധകം), അസൽ EWS സർട്ടിഫിക്കറ്റ് (ക്രമ നം.11 ന് ബാധകം) എന്നിവ പരിശോധിക്കേണ്ടതാണ്. കൂടാതെ സമർപ്പിക്കുന്ന രേഖകൾ അസ്സലുമായി ഒത്തുനോക്കി ബോധ്യപ്പെടേണ്ടതാണ്. 30.06.2011-ലെ സ.ഉ(പി)നം.220/11/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം കേരള പി.എസ്.സി സെക്രട്ടറിയുടെ അനുവാദത്തോടു കൂടി മാത്രമേ നിയമനം ക്രമീകരിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ Personal memorandum, Service details ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊഫോർമ, പൂരിപ്പിച്ച വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ജാമ്യകരാർ, അനുബന്ധം I എന്നിവയും അയച്ചു നൽകേണ്ടതാണ്. സേവനപുസ്തകം തുടരുന്ന ജീവനക്കാരുടെ സേവനപുസ്തകത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്]

**ഉത്തരവിൻ പ്രകാരം**

**ഓഡിറ്റ് ഓഫീസർ**